(സി) അടുത്ത സെറ്റ് പരീക്ഷ എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പരീക്ഷ താമസിക്കുന്ന സാഹചര്യത്തിൽ പി.എസ്.സി.ക്ക് അപേക്ഷ നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായി തോറ്റവരെക്കൂടി പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 5.90 ശതമാനം.

(ബി) ഇല്ല.

(സി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും സീറ്റുകളും

76 (2081) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 അദ്ധ്യയനവർഷം മുതൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയതായി എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) എയിഡഡ്, ഗവൺമന്റ് മേഖലകളിലെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2007-08-ൽ 19350 സീറ്റുകളും

2008-09-ൽ 180 സീറ്റുകളും

2010-11-ൽ 18350 സീറ്റുകളും അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

മലബാറിൽ സർക്കാർ മേഖലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

77 (2082) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാറിൽ സർക്കാർ മേഖലയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്ര സീറ്റുകളാണ് ഉള്ളത് ;

(സി) ഇവിടെ സ്വകാര്യ എയ്ഡഡ് മേഖലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ ആകെ എത്ര സീറ്റുകളാണുള്ളത് ;

(ഇ) എയ്ഡഡ് മേഖലയിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു ;

(എഫ്) ഇത്തരം എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച ജീവനക്കാർക്ക് എന്ത് ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് ;

(ജി) ഇവർക്ക് എന്നുമുതൽ ശമ്പളം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ഉൾപ്പെടെ മലബാർ മേഖലയിൽ 53 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 6780 സീറ്റുകൾ.

(സി) 158 സ്കൂളുകൾ.

(ഡി) 16350 സീറ്റുകൾ.

(ഇ) തൃശ്ശൂർ ജില്ലയിൽ 18 തസ്തികകളും കാസർഗോഡ് ജില്ലയിൽ മൂന്ന് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. (ഇത് 2006-ലും അതിന് മുമ്പും അനുവദിച്ച സ്കൂളുകളിലെ തസ്തികകൾ മാത്രമാണ്)

(എഫ് & ജി) 2010-11 അദ്ധ്യയനവർഷം അനുവദിച്ച സ്കൂളുകളിൽ നിലവിൽ ഗസ്റ്റ് അദ്ധ്യാപകരെയാണ് നിയമിച്ചിരിക്കുന്നത്. എച്ച്.എസ്.എസ്.റ്റി. (ജൂനിയർ), എച്ച്.എസ്.എസ്.റ്റി അദ്ധ്യാപകർക്ക് യഥാക്രമം 250, 300 രൂപ വീതം പ്രതിദിനബത്തയ്ക്ക് അർഹതയുണ്ട്. സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ശമ്പള സ്കെയിലിൽ ആനുകൂല്യങ്ങൾ നൽകാനാകും.

ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അംഗീകാരം

78 (2083) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ പുതുതായി ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചു ;

(ബി) ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു ;

(സി) ഏതെല്ലാം അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകി ;

LIBRARY ARCHIVES Kerala Legislative Assembly